● ലേഖനം

# കുത്തകവിരുദ്ധ സമരം ഇസ്‌ലാമിക മാനം

ശൈഖ് മുഹമ്മദ് കാരകുന്ന്

**ഇസ്‌ലാമിക** വീക്ഷണത്തിൽ ധനം ദൈവത്തിന്റേതാണ്. മനുഷ്യനത് നൽകിയത് അനാമത്തായാണ്. അതോടൊപ്പം കൈകാര്യകർതൃത്വാവകാശവും നൽകിയിരിക്കുന്നു. അതിനാൽ മനുഷ്യന് സ്വത്ത് സമ്പാദിക്കാനും കൈവശം വെക്കാനും ചെലവഴിക്കാനും അവകാശമുണ്ട്. എന്നാലത് അനിയന്ത്രിതമല്ല. സാമൂഹിക താൽപര്യങ്ങൾക്ക് വിധേയമാണ്. അഥവാ, ഇസ്‌ലാമിൽ, ദൈവനിശ്ചിതമായ സാമൂഹിക താൽപര്യങ്ങളാൽ നിയന്ത്രിതമായ ഉടമാവകാശമേ വ്യക്തികൾക്കുള്ളൂ.

സമ്പത്ത് അല്ലാഹുവിന്റേതാണെന്നും അതവൻ നിർദേശിക്കുന്നതിനനുസരിച്ച് വിനിയോഗിക്കണമെന്നും ഖുർആൻ കൽപിക്കുന്നു: "അല്ലാഹു നിങ്ങൾക്കു നൽകിയ അവന്റെ ധനത്തിൽനിന്ന് അവർക്ക് കൊടുക്കുകയും ചെയ്യുക"(24:33).

**സമ്പത്തിന്റെ കേന്ദ്രീകരണം**

സമ്പത്ത് ഏതാനും വ്യക്തികളിൽ കേന്ദ്രീകരിക്കപ്പെടുന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. അതില്ലാതാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ധനം ശേഖരിച്ചുവെക്കുകയും ദരിദ്രർക്കും അഗതികൾക്കുമുൾപ്പെടെ ദൈവമാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരെ ഖുർആൻ ശക്തമായി താക്കീത് ചെയ്യുന്നു: ''സ്വർണവും വെള്ളിയും ശേഖരിച്ചുവെക്കുകയും അവ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരെ നോവേറിയ ശിക്ഷയെ സംബന്ധിച്ച് 'സുവാർത്ത' അറിയിക്കുക. നരകത്തീയിലിട്ട് ചുട്ടു പഴുപ്പിച്ച അവകൊണ്ട് അവരുടെ നെറ്റികളും പാർശ്വഭാഗങ്ങളും മുതുകുകളും ചൂടുവെക്കും ദിനം! അന്ന് അവരോടു പറയും: ''ഇതാണ് നിങ്ങൾ നിങ്ങൾക്കായി സമ്പാദിച്ചുവെച്ചത്. അതിനാൽ നിങ്ങൾ സമ്പാദിച്ചുവെച്ചതിന്റെ രുചി ആസ്വദിച്ചുകൊള്ളുക" (9:35).

മുതലാളിത്ത മനോഭാവത്തെയും പ്രകൃതത്തെയും ഖുർആൻ ഇങ്ങനെ അനാവരണം ചെയ്യുന്നു: "അങ്ങനെയല്ല; നിങ്ങൾ അനാഥയെ പരിഗണിക്കുന്നില്ല. അഗതിക്ക് അന്നം നൽകാൻ പ്രേരിപ്പിക്കുന്നുമില്ല. പാരമ്പര്യമായി കിട്ടിയ സ്വത്ത് വാരിക്കൂട്ടി വിഴുങ്ങുകയും ചെയ്യുന്നു. ധനത്തെ നിങ്ങൾ അതിരറ്റ് സ്നേഹിക്കുകയും ചെയ്യുന്നു" (89: 17–20).

പാരമ്പര്യമായി കിട്ടിയ ധനം മറ്റാർക്കും നൽകാതെ സ്വന്തമാക്കാൻ ശ്രമിച്ച തോട്ടക്കാരുടെ കഥ ഖുർആൻ വിശദമായി വിവരിക്കുന്നുണ്ട്. അവരെ ഭൂമിയിൽ വെച്ചുതന്നെ അല്ലാഹു പാഠം പഠിപ്പിച്ചു (68: 17–33).

ഇസ്‌ലാം നിശ്ചയിച്ച ധനവ്യയക്രമത്തിന്റെ ലക്ഷ്യം സമ്പത്ത് ഏതാനും പണക്കാർക്കിടയിൽ മാത്രം കറങ്ങാതിരിക്കലാണ്: "വിവിധ നാടുകളിൽനിന്ന് അല്ലാഹു അവന്റെ ദൂതന് നേടിക്കൊടുത്തതൊക്കെയും അല്ലാഹുവിനും അവന്റെ ദൂതന്നും അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കർക്കുമുള്ളതാണ്. സമ്പത്ത് നിങ്ങളിലെ ധനികർക്കിടയിൽ മാത്രം ചുറ്റിക്കറങ്ങാതിരിക്കാനാണിത്"(59:7).

മുതലാളിത്ത വ്യവസ്ഥയും അതിന്റെ വ്യാവസായിക-വ്യാപാര-കമ്പോളഘടനയും എത്രമാത്രം ഇസ്‌ലാമിക വിരുദ്ധമാണെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. മുതലാളിത്ത വ്യവസ്ഥയിൽ സമ്പത്ത് ധനികർക്കിടയിൽ മാത്രം കറങ്ങുകയും ദരിദ്രരിൽനിന്ന് ധനികരിലേക്കൊഴുകുകയും ചെയ്യുമ്പോൾ ഇസ്‌ലാമിക സമ്പദ്ഘടനയിൽ ധനം പണക്കാരിൽനിന്ന് പാവങ്ങളിലേക്ക് പ്രവഹിക്കുകയും സമൂഹത്തിലെ എല്ലാവർക്കുമിടയിൽ കറങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

**ഉടമസ്ഥതാ നഷ്ടം**

സമൂഹത്തിൽ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ചികിത്സ പോലുള്ള പ്രാഥമികാവശ്യങ്ങൾ നിഷേധിക്കപ്പെടുന്ന അഗതികളും ദരിദ്രരും ഉള്ളപ്പോൾ വ്യക്തികളുടെ കൈവശമുള്ള സമ്പത്തിന്റെ ഉടമാവകാശം നിയന്ത്രിക്കപ്പെടുന്നു; അതിലൊരു പങ്ക് അടിസ്ഥാന ജീവിതാവശ്യങ്ങൾ നിഷേധിക്കപ്പെടുന്നവരുടേതായി മാറുന്നു: "അവരുടെ ധനത്തിൽ ചോദിക്കുന്നവന്നും ആശ്രയമറ്റവന്നും അവകാശമുണ്ട്" (51:19).

"ബന്ധുവിനും ദരിദ്രനും വഴിയാത്രക്കാരനും അവരുടെ അവകാശങ്ങൾ നൽകുക" (17:26). "മതത്തെ നിഷേധിക്കുന്നവനെ നീ കണ്ടോ? അത് അനാഥയെ ആട്ടിയകറ്റുന്നവനാണ്. അഗതിയുടെ അന്നം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനും" (107: 1–3).

ഇതിന്റെ വിശദീകരണത്തിൽ സയ്യിദ് അബുൽ അഅ്ലാ മൗദൂദി എഴുതുന്നു: "ഇത്ആമിൽ മിസ്കീൻ എന്നല്ല; ത്വആമിൽ മിസ്കീൻ എന്നാണ് പ്രയോഗിച്ചിട്ടുള്ളത്. ഇത്ആമിൽ മിസ്കീൻ എന്നായിരുന്നു പ്രയോഗമെങ്കിൽ അവൻ അഗതികൾക്ക് അന്നം കൊടുക്കാൻ പ്രേരിപ്പിക്കുന്നില്ല എന്നാകുമായിരുന്നു. 'ത്വആമിൽ മിസ്കീ'ന്റെ അർഥം ഇങ്ങനെയാണ്: അവൻ അഗതികളുടെ അന്നം കൊടുക്കാൻ പ്രേരിപ്പിക്കുന്നില്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ അഗതികൾക്ക് നൽകപ്പെടുന്ന ആഹാരം അത് നൽകുന്നവരുടേതല്ല. അത് ലഭിക്കുന്ന അഗതികളുടെ തന്നെ ആഹാരമാണ്. നൽകുന്നവർക്ക് അവരോടുള്ള ബാധ്യതയാണത്. ദാതാവ് അവരോട് ദാക്ഷിണ്യം കാണിക്കുകയല്ല; അവരുടെ അവകാശം വകവെച്ചുകൊടുക്കുകയാണ്" (*തഫ്ഹീമുൽ ഖുർആൻ* ഭാഗം. 6, പേജ്: 420).

അതിനാലാണ് പ്രവാചകനിങ്ങനെ കൽപിച്ചത്: "ആവശ്യത്തിൽ കൂടുതൽ വാഹനമുള്ളവൻ ഇല്ലാത്തവന് നൽകട്ടെ. ഭക്ഷണം ബാക്കിയുള്ളവൻ അതില്ലാത്തവന്നും." വീണ്ടും കൽപിക്കുന്നു: "ആരുടെയെങ്കിലും വശം രണ്ടാളുടെ ഭക്ഷണമുണ്ടെങ്കിൽ മൂന്നാമത്തവനെക്കൂട്ടട്ടെ. നാലാളുടെ ആഹാരമുണ്ടെങ്കിൽ അഞ്ചാമനെയോ ആറാമനെയോ കൂടെ ചേർക്കട്ടെ."

പ്രമുഖ കർമശാസ്ത്ര പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്: "ആഹരിക്കാനില്ലാത്തവനെ ആഹരിപ്പിക്കുക, ഉടുക്കാനില്ലാത്തവനെ ഉടുപ്പിക്കുക; ഇങ്ങനെ പ്രയാസങ്ങൾ പരിഹരിക്കേണ്ടത് സാമൂഹിക ബാധ്യതകളിൽ പെട്ടതാണ്. സകാത്ത്, പൊതുഖജനാവിലെ ധനം എന്നിവ മതിയാവാതെ വന്നാൽ കഴിവുള്ളവ

രുടെ കടമയാണിത്. തങ്ങൾക്കും ചെലവിനു നൽകേണ്ടവർക്കും ഒരു കൊല്ലത്തെ ആവശ്യം കഴിച്ച് മിച്ചമുള്ളവരെല്ലാം കഴിവുള്ള വരുടെ ഗണത്തിൽപെടുന്നു" (*അന്നള്രിയാതുസ്സിയാസതിൽ ഇസ്‌ലാമിയ്യ:* പേജ്: 249, 250).

ഇമാം ഇബ്നു ഹസം പറയുന്നു: "ഓരോ നാട്ടിലെയും സമ്പന്നർ അവിടത്തെ ദരിദ്രരെ രക്ഷിക്കേണ്ടതാണ്. സകാത്തും മറ്റു വിഭവങ്ങളും മതിയാവാതെ വന്നാൽ സർക്കാർ അതിനപ്പുറം നൽകാനവരെ നിർബന്ധിക്കണം. ഭക്ഷണവും ശൈത്യകാല ത്തിനും ചൂടുകാലത്തിനുമുള്ള വസ്ത്രവും മഴ, വെയിൽ, തണു പ്പ്, വഴിയാത്രക്കാരുടെ ഉപദ്രവം എന്നിവയിൽനിന്ന് സംരക്ഷണം നൽകുന്ന വീടുമാണ് ദരിദ്രരുടെ അവകാശം" (*അൽ മുഹല്ല* ഭാഗം. 6, പേജ്: 156).

**കുത്തകവൽക്കരണം**

വ്യക്തിയുടെ സമ്പാദിക്കാനുള്ള അവകാശവും സാമൂ ഹിക താൽപര്യങ്ങളാൽ നിയന്ത്രിതമാണ്. കൈവശം വെക്കാ നുള്ള അവകാശം സമൂഹത്തിന്റെ സാമ്പത്തികസ്ഥിതിയാൽ നിയന്ത്രിക്കപ്പെടുന്നപോലെത്തന്നെ.

അതിനാൽ കളവ്, പിടിച്ചുപറി, ഭാഗ്യക്കുറി, വഞ്ചന, കൈക്കൂലി, പലിശ, ചൂഷണം, കൃത്രിമം, മായം ചേർക്കൽ പോലുള്ളവയെല്ലാം കണിശമായി നിരോധിക്കപ്പെട്ടിരിക്കുന്നു. വഞ്ചന പോലെത്തന്നെ പൂഴ്ത്തിവെപ്പും ഗുരുതരമായ കുറ്റമാ ണ്. നബി(സ) പറയുന്നു: "ആർ വഞ്ചന നടത്തിയോ അവൻ നമ്മുടെ കൂട്ടത്തിൽ പെട്ടവനല്ല" (അഹ്മദ്, തിർമിദി).

"പൂഴ്ത്തിവെച്ചവൻ കുറ്റവാളിയാണ്" (മുസ്‌ലിം, അബൂദാ വൂദ്).

ഇങ്ങനെ ചൂഷണം ചെയ്യപ്പെടാനുള്ള എല്ലാ സാധ്യത കളും ഇല്ലാതാക്കുകയാണ് ഇസ്‌ലാം. വ്യക്തിയുടെ സ്വാതന്ത്ര്യം സമൂഹത്തിന്റെ പൊതുതാൽപര്യങ്ങൾക്ക് എതിരാവരുത്. അങ്ങനെ സംഭവിക്കുമ്പോൾ അത് നിയന്ത്രിക്കപ്പെടേണ്ടത് അനി വാര്യമത്രെ.

ഈ മൗലികതത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ് വ്യാപാര രംഗത്തെ കുത്തകവൽക്കരണത്തെ വിലയിരുത്തേണ്ട ത്. ചെറുകിട വ്യാപാരരംഗത്തെ കുത്തകവൽക്കരണം മറ്റെല്ലാ കച്ചവടസ്ഥാപനങ്ങളും അടച്ചുപൂട്ടാനിടവരുത്തുന്നു.

ഇന്ത്യയിൽ ആയിരംപേർക്ക് പതിനൊന്ന് ചെറുകിട കച്ചവ ടസ്ഥാപനമുണ്ട്. രാജ്യത്തെ ഒരു കോടി ഇരുപത് ലക്ഷം സ്ഥാപ നങ്ങളിലായി നാലുകോടി തൊഴിലാളികൾ ജോലിയെടുക്കു കയും അതിലൂടെ ഇരുപതുകോടി ജനങ്ങൾ ജീവിതം പുലർത്തുകയും ചെയ്യുന്നു. ഈ കച്ചവടസ്ഥാപനങ്ങളിൽ 98 ശതമാനവും വ്യത്യസ്ത ഉടമകളുടേതാണ്. അവരിൽ നാലുശത മാനം മാത്രമാണ് ഭേദപ്പെട്ട സാമ്പത്തികാവസ്ഥയിലുള്ളത്. കേര ളത്തിൽ പത്തുലക്ഷം ചെറുകിട കച്ചവടസ്ഥാപനങ്ങളിലൂടെ നാൽപത് ലക്ഷം കുടുംബങ്ങളാണ് ഉപജീവനം തേടുന്നത്.

ഈ ചെറുകിട കച്ചവട സ്ഥാപനങ്ങളുടെ നിലനിൽപ് അസാധ്യമാക്കും വിധമാണ് വൈദേശികവും സ്വദേശീയവുമായ കുത്തകകളുടെ കടന്നുകയറ്റം. വിദേശകുത്തകഭീമന്മാരിൽ ഒന്നാം സ്ഥാനം വാൾമാർട്ടിനുതന്നെ. മുൻ അമേരിക്കൻ പ്രസി ഡന്റ് ബിൽ ക്ലിന്റന്റെ പ്രവിശ്യയായ അർക്കനൻസിയിൽ 1962-ൽ സാംവാൾട്ടൺ സ്ഥാപിച്ച ചെറുകിട ഡിപ്പാർട്ട്മെന്റ് സ്റ്റോറാണി ത്. കുത്തകവൽക്കരണത്തെ വാൾമാർട്ടൈസേഷൻ എന്ന് വിശേ ഷിപ്പിക്കപ്പെടുമാറ് ഇത് ലോകത്തെങ്ങും പിടിമുറുക്കിയിരിക്കു ന്നു. ആറായിരത്തിലേറെ മെഗാ സ്റ്റോറുകൾ തന്നെയുള്ള വാൾമാർട്ടിന്റെ വരുമാനം 16,56,000 കോടി രൂപയാണ്. ഫ്രാൻസിലെ കെയർഫോറും ബ്രിട്ടനിലെ ടെസ്കോയും ജർമനി യിലെ മെട്രോയും വമ്പിച്ച ലാഭം കൊയ്യുന്ന അന്താരാഷ്ട്ര കുത്തകഭീമന്മാരാണ്. റിലയൻസ്, ടാറ്റ, ബിർള, ഭാരത, ഫ്യൂച്ചേർസ് ഗ്രൂപ്പ്, പാന്റലൂൺ തുടങ്ങിയ നിരവധി സ്വദേശി കുത്തകകളുമുണ്ട്. ഓരോ പ്രദേശത്തും ഇത്തരം കുത്തകകളുടെ മെഗാ സ്റ്റോറുകളും സൂപ്പർ-ഹൈപർ മാർക്കറ്റുകളും സ്ഥാപിത മാകുന്നതോടെ ചെറുകിട കച്ചവടക്കാർ കുത്തുപാള എടുക്കേ ണ്ടിവരും. അവിടങ്ങളിലെ തൊഴിലാളികൾ വഴിയാധാരമാകും. കുത്തകകൾ കടന്നു ചെന്നിടങ്ങളിലെല്ലാം സംഭവിച്ചത് അതാ ണ്. ഉൽപാദന കേന്ദ്രങ്ങളിൽനിന്ന് നേരിട്ട് ചരക്കുകൾ എടുക്കു ന്നതിനാലും പതിനായിരക്കണക്കിന് അടി വിസ്തീർണമുള്ള ശീതീകരിച്ച സ്റ്റോറുകളിൽ പച്ചക്കറികളുൾപ്പെടെ ജീർണിക്കാൻ സാധ്യതയുള്ള വസ്തുക്കൾ ഒന്നിച്ച് ശേഖരിച്ച് സൂക്ഷിക്കുന്നതി നാലും ഇത്തരം കുത്തകകൾക്ക് കുറഞ്ഞ വിലയ്ക്ക് ചരക്കുകൾ വിൽക്കാൻ സാധിക്കുന്നു. മറ്റു കടകൾ അടച്ചുപൂട്ടി ആധിപത്യം സ്ഥാപിക്കുന്നതുവരെ ഈ വിലയിളവ് നിലനിർത്തും. ഉപഭോ ക്താക്കൾ തങ്ങളെ മാത്രം ആശ്രയിക്കേണ്ടിവരുന്നതോടെ പെട്ടെന്ന് വിലവർധിപ്പിക്കുകയായി. അതോടെ ചരക്കുകൾ തെര ഞ്ഞെടുക്കാനും വിലപേശാനുമുള്ള സാധ്യത പോലും ഇല്ലാതാ കുന്നു. അങ്ങനെ ചെറുകിട വ്യാപാരരംഗത്തെ കുത്തകവൽക്ക രണം കച്ചവടക്കാരെയും തൊഴിലാളികളെയും മാത്രമല്ല; ഉപഭോ ക്താക്കളെയും പ്രതികൂലമായി ബാധിക്കുന്നു. കുത്തകസ്ഥാപന ങ്ങൾക്ക് രാജ്യത്തെ അഞ്ചുകോടി അതിസമ്പന്നരുടെയും ഇരു പത് കോടി പണക്കാരുടെയും ഉപഭോഗതൃഷ്ണയെ തൃപ്തിപ്പെ ടുത്താനാവുമെങ്കിലും എൺപതു കോടി മനുഷ്യരാണ് ദുരിതക്ക യത്തിലേക്ക് തള്ളപ്പെടുക.

കർഷകർക്ക് കടം നൽകി തങ്ങൾക്കാവശ്യമായ വസ്തു ക്കൾ ഉൽപാദിപ്പിക്കാൻ നിർബന്ധിക്കുന്ന കുത്തക സ്ഥാപന ങ്ങൾ അവക്ക് അവർ നിശ്ചയിക്കുന്ന വിലയാണ് നൽകുക. ചെറുകിട കച്ചവടസ്ഥാപനങ്ങൾ ഇല്ലാതാവുന്നതോടെ സാധാ രണ കർഷകർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ വിൽക്കാൻ സാധി ക്കാതെ വരുന്നു. അവരുൽപാദിപ്പിക്കുന്ന പച്ചക്കറികളും പഴ ങ്ങളും ഗുണനിലവാരത്തിന്റെ പേരു പറഞ്ഞും മറ്റും കുത്ത കകൾ വാങ്ങുകയുമില്ല. അതിനാൽ ചെറുകിട വ്യാപാരരംഗത്തെ കുത്തകവൽക്കരണം സാധാരണ കച്ചവടക്കാരെയും തൊഴിലാളി കളെയും ഉപഭോക്താക്കളെയുമെന്നപോലെ കർഷകരെയും പ്രതികൂലമായി ബാധിക്കുന്നു. ഇവർക്കും ഇവരെപ്പോലുള്ള കയ റ്റിറക്ക് തൊഴിലാളികൾക്കും റിക്ഷക്കാർക്കും മറ്റും കിട്ടേണ്ട പണം കുത്തകകളുടെ അക്കൗണ്ടിൽ കുമിഞ്ഞുകൂടുന്നു. ഈ ദുരവസ്ഥയാണ് കുത്തകവൽക്കരണത്തിനെതിരെ അതിന്റെ സിരാകേന്ദ്രമായ അമേരിക്കയിലുൾപ്പെടെ ലോകമെങ്ങും വമ്പിച്ച ജനകീയ സമരങ്ങൾ രൂപംകൊള്ളാൻ കാരണം.

ഇസ്‌ലാമിക വീക്ഷണത്തിൽ ചെറുകിട വ്യാപാരരംഗത്തെ കുത്തകവൽക്കരണം കടുത്ത സാമൂഹിക ദ്രോഹമായതിനാൽ 'മുൻകർ' ആണ്; വെറുക്കപ്പെട്ട തിന്മ.

സച്ചരിതരായ ഖലീഫമാരുടെ കാലത്ത് അങ്ങാടികളിലെ ചൂഷണവും ജനദ്രോഹവും നിരീക്ഷിക്കാനും നിരോധിക്കാനും കമ്പോളത്തെ നിയന്ത്രിക്കാനും ഉദ്യോഗസ്ഥരെ നിയോഗിച്ചിരു ന്നു. അതിനാൽ നമ്മുടേതുപോലുള്ള ജനാധിപത്യ സംവിധാന ത്തിൽ കുത്തകകളുടെ കടന്നുകയറ്റത്തെ നിയമവിധേയമായ മാർഗങ്ങളിലൂടെ പ്രതിരോധിക്കാൻ ഇസ്‌ലാമിക സമൂഹം ബാധ്യ സ്ഥമാണ്. അതിനു സാധ്യമല്ലെങ്കിൽ ബോധവൽക്കരണമെ ങ്കിലും ഉണ്ടാവേണ്ടതുണ്ട്. ■